(സി) കഴിഞ്ഞ നാലുവർഷത്തിനിടെ കെ.എസ്.ഐ.ഡി.സി.-യുടെ സഹായത്തോടെ പ്രവർത്തനം ആരംഭിച്ച വൻകിട വ്യവസായ യൂണിറ്റുകളുടെ വിശദവിവരം അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.*

അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. ടി. ജോൺ മത്തായിയുടെ മേലുള്ള അഴിമതി ആരോപണം

227 (572) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. ടി. ജോൺ മത്തായി മലബാർ സിമെന്റ്സ് ലിമിറ്റഡിന്റെ ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറായി എത്രകാലം സേവനമനുഷ്ഠിച്ചിട്ടുണ്ട് ;

(ബി) മലബാർ സിമെന്റ്സിന് ചുണ്ണാമ്പ് വാങ്ങിയതിലും കോൾ ഇറക്കുമതി ചെയ്തതിലും അഴിമതി നടന്നുവെന്ന ആക്ഷേപത്തെക്കുറിച്ചുള്ള വിജിലൻസ് അന്വേഷണത്തെ തുടർന്ന് ശ്രീ. ടി. ജോൺ മത്തായി പ്രതിയായിട്ടുള്ള കുറ്റപത്രം വിജിലൻസ് കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എന്ന് ;

(സി) പ്രതിസ്ഥാനത്തുനിന്ന് ശ്രീ. ജോൺ മത്തായിയെ ഒഴിവാക്കുന്നതിന് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ എന്ന് ; വിജിലൻസ് കോടതിയിൽ ഗവൺമെന്റ് നൽകിയ അപേക്ഷ എന്തായിരുന്നു ; വിശദമാക്കാമോ ?

ഉത്തരം

(എ) അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. ടി. ജോൺ മത്തായി മലബാർ സിമെന്റ്സ് ലിമിറ്റഡിന്റെ ചെയർമാനായി 11-6-1996 മുതൽ 16-11-2006 വരെ സേവനമനുഷ്ഠിച്ചിട്ടുണ്ട്. മാനേജിംഗ് ഡയറക്ടറായി അദ്ദേഹം പ്രവർത്തിച്ചിട്ടില്ല.

(ബി) ഈ വിഷയം സംബന്ധിച്ച് മൂന്ന് കേസ്സുകൾ (വി.സി.3/2008/പി.കെ.ഡി., വി.സി.07/2008/പി.കെ.ഡി., വി.സി.08/2008/പി.കെ.ഡി.) രജിസ്റ്റർ ചെയ്ത് കുറ്റപത്രം ബഹുമാനപ്പെട്ട എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് മുമ്പാകെ 1-11-2010, 8-2-2011, 18-1-2011 തീയതികളിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് ബഹുമാനപ്പെട്ട കോടതി സി.സി. 32/2010, സി.സി.22/2011, സി.സി. 2/2011 എന്നിവയായി ഫയലിൽ സ്വീകരിച്ചിട്ടുള്ളതുമാണ്.

(സി) ഉണ്ട്. 22-2-2012-ലെ ജി.ഒ. (എംഎസ്.) 11/2012/വിജി.നമ്പർ ഉത്തരവ് പ്രകാരമാണ് ഒഴിവാക്കാൻ ഉത്തരവായത്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly